## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 528** **10.06.2014 ലെ മറുപടിയ്ക്ക്**

### നികുതി പരിഷ്ക്കരണത്തിനായുള്ള സമിതി

| ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | മറുപടി<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് 2011-ൽ നികുതിപരിഷ്കരണത്തിനായി വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണർ അധ്യക്ഷനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | നിയോഗിച്ചിട്ടുണ്ട്. സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ റിപ്പോർട്ടിലെ ശുപാർശകൾ പുനഃ പരിശോധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ നൽകുവാൻ വാണിജ്യ നികുതി കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) എന്നാണ് പഠന റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചത്; | (ബി) | 31.05.2012 നാണ് റിപ്പോർട്ട് സമർപ്പിച്ചത്. |
| (സി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (സി) | നടപ്പിലാക്കിയിട്ടില്ല. റിപ്പോർട്ടിലെ ശുപാർശകൾ പുനഃപരിശോധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ വാണിജ്യ നികുതി കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ഡി) സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണ് വാണിജ്യ നികുതിയിനത്തിൽ ലഭിക്കുന്നത് എന്ന് വിശദമാക്കാമോ; ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിൽ സർക്കാരിന് വീഴ്ച പറ്റിയിട്ടുണ്ടോ; | (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷം വിൽപ്പന നികുതിയിനത്തിൽ ലഭിച്ച വരുമാനം പ്രസ്തുത വർഷം സംസ്ഥാനത്തിനു ലഭിച്ച ആകെ റവന്യൂ വരുമാനത്തിന്റെ 51 ശതമാനമാണ്. ഇതു കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഇ) പുതിയ നികുതി പരിഷ്കരണ റിപ്പോർട്ട് നടപ്പാക്കുകയാണെങ്കിൽ വാണിജ്യ നികുതിയിൽ നിന്നുള്ള വരുമാനം എത്ര ശതമാനം വർദ്ധിപ്പിക്കാമെന്നാണ് റിപ്പോർട്ടിലുള്ളത് എന്ന് വിശദമാക്കാമോ? | (ഇ) റിപ്പോർട്ട് കമ്മീഷണറുടെ പുനഃ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ.